പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3262 10.12.2018-ലെ മറുപടിക്ക്

'ഭൂമി ലഭ്യത സംബന്ധിച്ച ലാൻഡ് ബോർഡിന്റെ റിപ്പോർട്ട്'

ചോദ്യം
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമി ലഭ്യത സംബന്ധിച്ച് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | വാസയോഗ്യമല്ലാത്ത ഭൂമി / കൃഷിയോഗ്യമല്ലാത്ത ഭൂമി എന്നിവ ലാൻഡ് ബോർഡിന്റെ അനുമതിയോടെ പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വെയ്ക്കുന്നു. അത്തരം ഭൂമികൾ ഏതെങ്കിലും വകുപ്പിന്റെ പദ്ധതികളുടെ ആവശ്യാർത്ഥം വേണ്ടി വരുന്ന സാഹചര്യത്തിൽ ടി ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം മുഖാന്തിരം വകുപ്പ് തല കൈമാറ്റം നടത്തുന്നതിനായി സർക്കാരിന് ശുപാർശ നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുവാനുള്ള അനുമതിയ്ക്കായാണ് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് വരുന്നത്. വകുപ്പുകൾ നേരിട്ട് ലാൻഡ് ബോർഡിൽ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് ആവശ്യം ഉന്നയിക്കാറില്ല. |
| (ബി) | എങ്കിൽ ഏതൊക്കെ വകുപ്പുകൾ, ഏതൊക്കെ പദ്ധതികൾക്കായാണ് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | അംഗനവാടി, വിദ്യാഭ്യാസ സ്ഥാപനം, ശ്മശാന നിർമ്മാണം, കളിസ്ഥലം, മറ്റ് പൊതു ആവശ്യങ്ങൾ തുടങ്ങിയ പൊതു താല്പര്യമുള്ള കാര്യങ്ങൾക്ക് വേണ്ടിയാണ് മുഖ്യമായും പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുന്നതിന് അനുമതി ആവശ്യപ്പെടുന്നത്. വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരമാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ